

# പാലക്കാടിന്റെ കണ്യാർകളിയും, പൊറാട്ടുകളും

ഡോ: ടിഷ വിജയൻ

മലയാളവിഭാഗം, ജി.എച്ച്.എസ്., കൊടുവായൂർ

പാലക്കാടൻ ഗ്രാമങ്ങളെ താള-ലയ സമ്പന്നമാക്കുന്ന ഒരു നാടൻ കലാരൂപമാണ് കണ്യാർകളി*. ദേശത്തുകളി എന്നപേരിലും ഈ അനുഷ്ഠാന കലാരൂപം അറിയപ്പെടുന്നു. ജില്ലയിലെ കിഴക്കൻ പ്രദേശങ്ങളിലെ നായന്മാരോ, തുല്യ സാമുദായികപദവിയുള്ളവരോ ആണ് നൃത്തപ്രാധാന്യമുള്ള ഈ കല പരമ്പരാഗതമായി അവതരിപ്പിച്ചു വരുന്നത്. പാലക്കാട് ജില്ലയിൽ മാത്രം പ്രചാരത്തിലുള്ള ഒരു കലാരൂപം എന്ന നിലയിൽ നാടോടി കലാപാരമ്പര്യചരിത്രത്തിൽ കണ്യാർകളിക്ക് സവിശേഷസ്ഥാനമുണ്ട്. ഉർവ്വരതാ പ്രധാനമാണ് ഈ കലാരൂപം. ഓരോ പ്രദേശത്തെയും അധിദേവതയെ പ്രസാദിപ്പിച്ച് സമ്പൽ സമൃദ്ധിവരുത്താൻ ഉദ്ദേശിച്ചാണ് ഇത് ഉത്സവമായി ആഘോഷിക്കാറുള്ളത്. 'തറ'എന്നും 'മന്നം'എന്നും വിളിക്കുന്ന ഇടങ്ങളിൽ പ്രതിഷ്ഠിക്കപ്പെട്ട ഭഗവതിയുടെ




* കണ്ണകിയാർ കളി എന്നും ചിലയിടങ്ങളിൽ പറഞ്ഞുകേൾക്കുന്നുണ്ട്. കണ്ണകിയുടെയും, കോവലന്റെയും കഥയുമായി ബന്ധപ്പെടുത്തിയും ഈ കളിയുടെ ചരിത്രം വായിക്കാം.

മുന്നിലാണ് കണ്യാർകളിക്ക് അരങ്ങൊരുങ്ങാറുള്ളത്. ഭഗവതി ക്ഷേത്രങ്ങളിൽ എല്ലാ കൊല്ലവും മേടമാസത്തിലെ (ഏപ്രിൽ-മെയ് മാസങ്ങളിൽ)ആണ്കണ്യാർകളി അവതരിപ്പിക്കാറുള്ളത്. വിഷുവേല കഴിഞ്ഞശേഷം ആഴ്ചയും നാളും നോക്കി കളികുറിക്കുന്നു. കളി അവസാനിപ്പിക്കുന്നതിനും പ്രത്യേകം ദിവസം നോക്കാറുണ്ട്. ഭഗവതി ക്ഷേത്രങ്ങളിൽ പ്രത്യേകം തയ്യാറാക്കിയ പന്തലിൽ വെച്ചാണ്കളി നടത്താറുള്ളത്.

വിളക്കിനു ചുറ്റും പാടിക്കൊണ്ട് ലാസ്യത്തിന്റെയും താണ്ഡവത്തിന്റെയും രസങ്ങൾ ഈ കളി ഉൾക്കൊള്ളുന്നു. ചെണ്ട, ചേങ്ങില, ഇലത്താളം, കുറുംകുഴൽ എന്നീ വാദ്യോപകരണങ്ങൾ ഉപയോഗിച്ച് ദ്രുതം, അതിദ്രുതം എന്നീ പ്രധാന കലാശങ്ങളിലാണ് കളി പുരോഗമിക്കുന്നത്. ക്ഷേത്രങ്ങളിലെ വെളിച്ചപ്പാട് ആദ്യം പന്തലിലേക്ക് പ്രവേശിക്കുന്നു. നാട്ടുകാരുടെ ഭക്തിയില്ലായ്മയെയും ആരാധനയില്ലായ്മയെയും കുറിച്ച് വെളിച്ചപ്പാട് തന്റെ അതൃപ്തി ഗ്രാമീണരെ അറിയിക്കുന്നു. തുടർന്ന് ഭഗവതിയെ തൃപ്തയാക്കാനായി പൂജകളും, ഉത്സവങ്ങളും നടത്തിക്കൊള്ളാമെന്നു പറഞ്ഞ് കളിയാശാൻ പന്തലിലേക്ക് പ്രവേശിക്കുന്നതോടെയാണ് കണ്യാർകളി ആരംഭിക്കുന്നത്.

പണ്ടുകാലത്ത് കൊങ്ങ്നാടിന്റെ നിരന്തര ആക്രമണ ഭീഷണിയിൽ ഉൾപ്പെട്ട പ്രദേശമായിരുന്ന നെടുംപുറയൂർ എന്ന് ആദ്യകാലത്തു അറിയപ്പെട്ടിരുന്ന ഇന്നത്തെ പാലക്കാട്. അന്ന് ഈ പ്രദേശത്തു പരിശീലിച്ചിരുന്ന ആയോധന കലകളുടെ സ്വാധീനം കണ്യാർകളിയിൽകാണാനാകും. ആയോധന കലകളുടെ വീര്യംകൂട്ടാനും അത് കൂടുതൽ ആകർഷകമാക്കാനും കണ്യാർകളിയിൽ നൃത്തവും, ഹാസ്യവും ഇടകലർത്തി. അതിനാൽ തന്നെ കളരിപ്പയറ്റിന്റെ ചടുലതയും, നാടോടിനാടകത്തിന്റെ സൗന്ദര്യവുംകണ്യാർകളിയെപുഷ്ടിപ്പെടുത്തി. നൃത്തം (Dance), നാടകം(Drama), ഗാനം(Song ), സംഗീതം (Music)എന്നിവയുടെ സമഞ്ജസമായ സമ്മേളനം കളരിമുറകളുടെ ചടുലനീക്കങ്ങൾക്കൊപ്പം പ്രേക്ഷകന്റെ മുമ്പിൽ അലൗകികമായ ഒരു ദൃശ്യവിരുന്നൊരുക്കുകയാണ് കണ്യാർകളി. നൃത്തത്തിന് അകമ്പടിയായി നാടോടിപ്പാട്ടുകളും, നാടൻ വാദ്യോപകരണങ്ങളും ഉണ്ടാകും. ആലത്തൂർ ചിറ്റൂർ താലൂക്കുകളിലെ കുനിശ്ശേരി, കിഴക്കഞ്ചേരി, വടക്കാഞ്ചേരി കൊന്നഞ്ചേരി, ആയക്കാട്, മംഗലം, കുഴൽമന്നം, പെരുവെമ്പ്, ചിറ്റിലഞ്ചേരി, ഏത്തന്നൂർ, കുത്തനൂർ, ആലത്തൂർ, നെന്മാറ, പുതുക്കോട്, കണ്ണനൂർ, ഋഷിനാരദമംഗലം, പുതിയങ്കം, കാവശ്ശേരി,



4



പല്ലാവൂർ, മഞ്ഞളൂർ, മുരിങ്ങമല, കൊട്ടുവായൂർ, കരിപ്പോട്, പല്ലശ്ശന, മുടപ്പല്ലൂർ, തിരുവാഴിയോട്, അയിലൂർ, എലവഞ്ചേരി, കൊല്ലങ്കോട്, മാത്തൂർ എന്നീ ഗ്രാമങ്ങളിൽ എല്ലാ കൊല്ലവും മുടങ്ങാതെ കളി നടത്തിവരുന്നുണ്ട്.

ഭാഷാശുദ്ധി, മെയ്‌വഴക്കം എന്നീ പ്രത്യേകതകൾ കണ്യാർ കളിക്ക് നിർബന്ധമാണ്. സ്ത്രീ വേഷം കെട്ടി ആടുന്നത് പുരുഷന്മാരാണ്.

അവതരണത്തിനു മുമ്പേ ദേശക്കാർഎല്ലാവരും കളി പരിശീലനം തുടങ്ങാനുള്ള ദിവസം തീരുമാനിക്കുന്നു. കളി അരങ്ങേറുന്നതിനു മുമ്പ് ദിവസങ്ങളോളം കളിയാശാന്റെ കീഴിൽ അഭ്യാസം നടത്തുന്നു. ആശാൻ കളിയെ സംബന്ധിച്ചിടത്തോളം നട്ടുവനാണ്. ശബ്ദമാധുരി, താളബോധം എന്നിവ കളിയാശാനുണ്ടായിരിക്കണം. ആശാനും കളിക്കാരും ചേർന്ന് പീഠവും വാളും വാദ്യഘോഷങ്ങളോടെ പരിശീലന പന്തലിൽ എത്തിച്ച് 'പന്തൽ പ്രവേശവും', 'ദീപ പ്രദക്ഷിണവും' ചെയ്തു നമസ്കരിക്കുന്നു. പരിശീലനം തുടങ്ങിവെക്കുന്ന ഈ ചടങ്ങാണ് 'കളികുമ്പിടൽ'. അടുത്ത രാത്രി അത്താഴത്തിനു ശേഷമാണ് പരിശീലനം ആരംഭിക്കുന്നത്. ഈ പരിശീലനം 'ഇടക്കളി' എന്നപേരിലാണ് അറിയപ്പെടുന്നത്. പാട്ടും, ചുവടും, താളവും പൊരുത്തപ്പെട്ടു കഴിഞ്ഞാൽ അരങ്ങ് നിശ്ചയിക്കുന്നു. ഭഗവതിക്കാവിനു മുമ്പിൽ കെട്ടി ഉണ്ടാക്കിയ അമ്പത്തിയാറുകോൽ (56 കോൽ)ചുറ്റളവിലുള്ള പുഷ്പാലംകൃതമായ കളിപ്പന്തലിൽ സ്ഥാപിച്ച വാളും പീഠവും സാക്ഷി നിർത്തിയാണ് കളി അരങ്ങേറുന്നത്.

ഒരു കളിസംഘത്തിൽ ആറു മുതൽ ഇരുപതുവരെ അംഗങ്ങൾ ഉണ്ടായിരിക്കും. ഒൻപതുകാൽ പന്തലാണ് കെട്ടിയുണ്ടാക്കുക. കുരുത്തോല, മാവില, കണിക്കൊന്ന എന്നിവ ഉപയോഗിച്ച് പന്തൽ അലങ്കരിക്കുന്നു. പന്തലിനു മുകളിൽ 102നിരത്തിട്ട് പരമ്പുകളിട്ടു



മൂട്ടുന്നു. വട്ടക്കളി, പൊറാട്ടുകളി എന്നിങ്ങനെ രണ്ടു തരമാണ് കണ്യാർകളി. ഈശ്വരപ്രീതിക്കുള്ള അനുഷ്ഠാന കലയാണ് വട്ടക്കളി എങ്കിൽ നാടോടി നാടകാവതരണമാണ് പൊറാട്ട്.

ആണ്ടിക്കൂത്ത്, വള്ളോൻ, മലമ എന്നിങ്ങനെ മൂന്നും ചില സ്ഥലങ്ങളിൽ ഇറയക്കളി അഥവാ പുള്ളുകളി അടക്കം നാല് ദിവസങ്ങളിലായാണ് കളി അരങ്ങ് പൂർത്തിയാക്കുന്നത്. ഇതിൽ കരിവേലയും വട്ടക്കളിയും ഉൾക്കൊള്ളുന്നു. രാത്രിയിലാണ് കളി അവതരിപ്പിക്കാറുള്ളത്. കഥകളിയുടെ ചടങ്ങുകളെ അനുസ്മരിപ്പിക്കുന്നവിധം ആദ്യം 'കേളികൊട്ട്' ആണ് ചടങ്ങ്. കേളികൊട്ട് കഴിഞ്ഞാൽ താളവട്ടം. ഇതു കലാകാരന്മാർ രംഗത്ത് പ്രവേശിക്കലാണ്.

"ഥിമിഥിമിന്താ... ...തോംതീത്താ... ..." എന്ന വായ്ത്താരിയിൽ നീട്ടിപ്പാടി ആദ്യം പതിഞ്ഞരീതിയിലും പിന്നീട് മുറുകിയ രീതിയിലും കളിച്ചു കലാശം കാണിക്കുന്നു. താളവട്ടത്തിനു ശേഷം നമസ്കാരം. വാരിക്കൂട്ടിതൊഴുക എന്ന കേരളീയആചാരമാണ് ഇതിൽ. എല്ലാ വാദ്യങ്ങളേയും, ഭൂമിദേവിയെയും, കളിയാശാനെയും തൊഴുന്നതോടെ കളിയുടെ ആദ്യഘട്ടം അവസാനിക്കുന്നു. ആണ്ടിക്കൂത്തിൽ ഗണപതി, സരസ്വതി സ്തുതികളും ശേഷം സുബ്രമണ്യ ഭക്തരായ ആണ്ടികൾ ഭിക്ഷാടനത്തിനു വരുന്ന ഭാഗവും അവതരിപ്പിക്കുന്നു. ശിവനും, പാർവതിയും ചേർന്നുള്ള ആനന്ദനൃത്തം, ശേഷം ശ്രീകുരുംബത്തമ്മ, മന്ദത്തമ്മ, മാമ്പ്പിയമ്മ എന്നീ ഭഗവതി സ്തുതികളും, ശ്രീ ഗുരുവായൂരപ്പന്റെ കുമ്മിയും കൂടി പാടിക്കളിച്ചാണ് ആണ്ടിക്കൂത്ത് സമാപിക്കുന്നത്.

രണ്ടാം ദിവസത്തെ കളിയാണ് വള്ളോൻ. വേദാന്തം, ഉൾക്കൊള്ളുന്ന ഈശ്വരചിന്തകൾ തിരുവള്ളുവരുടെ ജ്ഞാനോപദേശങ്ങൾ എന്നിവ ഉൾക്കൊള്ളുന്നത് വള്ളോൻ എന്ന ഈ ഭാഗത്താണ്. ഈ ദിവസത്തിലെ താളവട്ടം

"താത്താതൈ താ തൈ
താ ത്താ തെയ് തെയ് താ
താ ത്താ തെയ് തെയ് തെയ് "

ഇതു മൂന്ന് കാലങ്ങളിലായി പാടിക്കളിച്ചാണ് വള്ളോൻ കളി. ഈ കളി ആരംഭിക്കുന്ന താവട്ടെ,

"ഹരി നമോ നമോ നാരായണാ നമോ
"ഹരിയെണീട്ടമ്പത്തൊന്നക്ഷരംവാഴ്ക... ..." -

എന്നഈരടിചൊല്ലിക്കൊണ്ടാണ്. മൂന്നാം ദിനത്തെ കളി 'മലമ' എന്നറിയപ്പെടുന്നു. കളിയുടെ അവസാന അരങ്ങായതിനാൽ എല്ലാ ദേവി-ദേവന്മാരെയും സ്തുതിക്കുന്ന ഗാനങ്ങൾ പാടിക്കളിക്കുക പതിവാണ്. മലമക്കളിയിൽ ഭഗവതിയുടെ വെളിച്ചപ്പാട് ചാടിത്തുള്ളിവന്നു ചിലങ്കയും വാളും കയ്യിലേന്തി ഇടവട്ടത്തിൽ രൂപകതാളത്തിൽ ഗാനത്തിനനുസരിച്ചു ഉറയാറുണ്ട്. കളിയരങ്ങ് കഴിഞ്ഞാൽ കളിക്കാരും അരങ്ങ് പന്തലിൽ വിതാനിച്ച പൂക്കളെടുത്ത് ഭഗവതിയെ നമസ്കരിച്ചു പീഠത്തിലേക്കു പുഷ്പങ്ങൾ അർപ്പിക്കാറുണ്ട്. ഈ ചടങ്ങ് പൂവാരൽ എന്നറിയപ്പെടുന്നു. ഇതിൽ ദേവിയെ



6

വന്ദിക്കാനുപയോഗിക്കുന്ന പൂവും അരിയും (അക്ഷത) ആ വർഷം മുഴുവനും ദേശക്കാർ വീട്ടുകളിൽ സൂക്ഷിക്കാറുണ്ട്.

കസവുകരയുള്ള മുണ്ടുടുത്തു രണ്ടാം മുണ്ട് അരയിൽ വാരിച്ചുറ്റി, വാലിട്ട് കണ്ണെഴുതി, പൊട്ടുതൊട്ട് കഴുത്തിലും കാതിലും ആഭരണങ്ങൾ അണിഞ്ഞ്, തലപ്പാവ് കെട്ടിയാണ് കണ്യാർകളിക്കായി കളിക്കാർ രംഗത്തെത്തുന്നത്. ഭക്തിനിർഭരമായ സ്തോത്രങ്ങളാൽ ദേവീദേവന്മാരെ സ്തുതിച്ച പതിഞ്ഞമട്ടിലും തുടർന്ന് മുറുകിയ മട്ടിലും പാടിക്കളിച്ച അഷ്ട കലാശം വെച്ച് കളി അവസാനിക്കുമ്പോഴേക്കും കളിയിൽ പങ്കെടുത്ത പാട്ടുകാരും കളിക്കാരും ക്ഷീണിതരായിരിക്കും. ഈ സമയത്തു കാണികളുടെ വിരസത ഒഴിവാനായാണ് പുറാട്ടുകൾ രംഗപ്രവേശം ചെയ്യുന്നത്.

സാധാരണ നിലയിൽ പുറാട്ടുകൾ രണ്ടുവിധമാണ്. ഒറ്റപ്പുറാട്ടുകളും, കൂട്ടപ്പുറാട്ടുകളും. ഒറ്റചെറുമി, മണ്ണാത്തി, ചക്കിലിച്ചി തുടങ്ങിയവ ഒറ്റപ്പുറാട്ടുകളും വൈഷ്ണവർ, വെട്ടുവർ, കൂട്ട മലയർ, കുംഭപൂശാരി തുടങ്ങിയവർ കൂട്ടപ്പുറാട്ടുകളുമാണ്. കൂട്ടപ്പുറാട്ടുകൾ ചെയ്യുന്ന കളിയും കൈക്കലാശവും കാണേണ്ട കാഴ്ച തന്നെയാണ്. മലയപ്പുറാട്ടിൽ മലയന്മാർ കഞ്ചിക്കുളം കല്ലടിക്കോട് ഭാഗത്തുനിന്ന് കിഴക്കൻ ഭാഗത്തേക്ക് വന്നവരാണ്. അവർ അതിനു മതിയായ കാരണങ്ങൾ പറയുന്നുണ്ട്. "ഞങ്ങന്റെ നാട്ടിൽ പാറയിൽ പെട്ട വള്ളിയും ഇടങ്ങഴിയിൽ പെട്ട കള്ളുകുടിയും തന്ന് തിന്നുകൊഴുത്തു കിഴക്കൻ തലക്കൽ കൂത്തും കുമ്മാട്ടിയും വേല വെടിയും ഉള്ള നാടാണെന്ന് കേട്ട് ഇറങ്ങിതിരിച്ചങ്ങു പോരെ". അവർക്കു ഒരു പറ നെല്ലാണ് ദിവസക്കൂലി. കൂടാതെ കള്ളിന് ഒരിടങ്ങഴി നെല്ല് വേറെയും. ഇതൊക്കെകൊണ്ട് തിന്നുകൊഴുത്ത അവർ കൂത്ത് കുമ്മാട്ടി വേല വെടി തുടങ്ങിയ ഉത്സവങ്ങളിൽ ആറാടി രസിക്കാനാണ് കിഴക്കൻ ഭാഗത്തേക്ക് വന്നത്. കതിരുകൂട്, ശരവടം, വെളിച്ചപ്പാട് ഇവയെല്ലാം കളിക്കാർക്കൊപ്പം കതിരുത്സവം വരവിൽ പന്തലിൽ പ്രവേശിക്കണം. നേർച്ച കരിവേഷ പുറാട്ടിന്റെ മറ്റൊരു രൂപമാണ്. മലയപ്പുറാട്ട് ഭഗവതിക്ക് നേർച്ചയായി ധാരാളം കാഴ്ചകൾ ചൊരിയാനാണ് അവർ കാട്ടിൽ നിന്നും ഇറങ്ങി വരുന്നത്. മാൻകൊമ്പ്, പോത്തിൻ കൊമ്പ്, തേൻകുടം, കുന്തിരിക്കം എന്നിവയെല്ലാം കാഴ്ചദ്രവ്യങ്ങളായി കയ്യിൽ കരുതിയിരിക്കും. ഓരോ കാഴ്ചദ്രവ്യം സമർപ്പിക്കുമ്പോഴും അവർ ചുവടു വെച്ച് പാട്ടുപാടിക്കളിക്കുന്നു.

ഏലേ... ...വന... ...ത്തിങ്കൽ ഇഞ്ചി മഞ്ഞൾ കാഴ്ച വെച്ചെൻ... ...
നാട്ടുവാ... ...ഴി... ...ത്തമ്പു... ...രാ... ...നൊരു കാ... ...ഴ്ച.... ...വെച്ചാൻ
തതികുതെയ്
ഏലേ... ... വന... ...ത്തിങ്കൽ മാൻകൊമ്പ് കാഴ്ച... ...വെച്ചെൻ.... ...
നാട്ടുവാ... ...ഴി... ...ത്തമ്പു... ...രാ... ...നൊരു കാ... ...ഴ്ച... ...വെച്ചാൻ... ...

തതികുതെയ് -

സാധാരണ പുറാട്ടുകൾ തുടക്കത്തിലുള്ള പന്തൽ പ്രവേശനത്തിന് പ്രാധാന്യം നല്കുമ്പോൾ മലയപ്പുറാട്ടിൽ പന്തലിൽ നിന്നും കളിച്ചു നീങ്ങുന്നതിനുള്ള പാട്ടിലാണ്പ്രാധാന്യം. മറ്റു പുറാട്ടുകൾ യാത്രചോദിച്ചതിന് ശേഷമേ പന്തലിൽനിന്ന് പോകുകയുള്ളൂ. ഈ പുറാട്ടുകളിൽ ഏറ്റവും പ്രാധാന്യം വാണാക്ക് ആണ്. വാണാക്കു കാരനും ഏറ്റുപറച്ചിൽക്കാരനും


8

കളിക്കാരോട് രസകരമായ രീതിയിൽ സംഭാഷണം നടത്തി കാഴ്ചക്കാരെ രസിപ്പിക്കുന്നു.

പൊറാട്ടുകളിലായാലും, കണ്യാർകളിയിലായാലും വേദാന്തത്തിലും ആത്മീയതയിലും ഊന്നിയുള്ളപാട്ടുകളാണ്ഉപയോഗിക്കുന്നത്. വള്ളോൻപാട്ടുകളിൽ

"മൂലമ്പോ മൂലമ്പോ മൂളമ്പോലവ്വെല്
മൂലക്കിഴങ്ങിന് മൂന്നല്ലോ വള്ളി
മൂലത്തിലെങ്ങും പടർന്നതോ വള്ളി
ജ്ഞാനക്കിഴങ്ങിന് നാലല്ലോ വള്ളി.. ."

സൃഷ്ടി, സ്ഥിതി, സംഹാരം എന്നീ മൂന്ന് പ്രക്രിയകളും ബ്രഹ്മാവ്, വിഷ്ണു, മഹേശ്വരൻ ഏതാണീ മൂന്ന് മൂർത്തികളുമാണ് മൂന്നു വള്ളികളിൽ സൂചിപ്പിക്കുന്നത്. മൂലക്കിഴങ്ങ് ആദി ബ്രഹ്മമാണ്. ചതുർവിധ പുരുഷാർത്ഥങ്ങളായ ധർമ്മം, അർത്ഥം, കാമം, മോക്ഷം എന്നിവയിലൂടെ പരമജ്ഞാനത്തിലേക്ക് ഉയർത്തുന്നതാണ് ജ്ഞാനക്കിഴങ്ങിന്റെ നാല് വള്ളികൾ.


7

പറയിപെറ്റ പന്തിരുകുലത്തിലെ പാണനാർ വലിയ വേദാന്തിയാണ്. പാണന്റെ സൃഷ്ടികളാണ് പുറാട്ടുനാടകത്തിലെ മിക്ക ഗാനങ്ങളും. കൂടാതെ പുറാട്ടിൽ പ്രത്യക്ഷപ്പെടുന്ന പറയൻ വേദാന്തിയും പണ്ഡിതനുമാണ്. പന്തലിൽ പ്രവേശിക്കുന്ന പറയനോട് - "നീ സത്ത മാട്ടേ തിങ്കറ പറപ്പയൽ അല്ലവാ"—എന്നു ചോദിക്കുന്നവരോട് - "ഞാൻ ജ്ഞാനമാകുന്ന പശുവിനെയാണ് ഭക്ഷിക്കുന്നത്" -എന്നാണ് പറയൻ മറുപടി പറയുന്നത്. ഇതിലെ വേദാന്തപ്പൊരുൾ ശ്രദ്ധേയമാണ്. പറയൻ തന്നെ അടിയൻ എന്നല്ല ഞാൻ എന്നാണ്, ആത്മാഭിമാനിയായ വേദാന്തിയായാണ് പരിചയപ്പെടുത്തുന്നത്.

തമിഴ് കലർന്ന ഒരു മിശ്ര ഭാഷാ രീതി യാണ് കണ്യാർ കളിയിലും പൊറാട്ടുകളിലും കളിക്കാർ ഉപയോഗിക്കുന്നത്. കിഴക്കൻപ്രദേശത്തെ തമിഴ് സ്വാധീനമാകാം ഇതിനു ഒരു പരിധിവരെ ഇടയാക്കിയത്. മലയാളത്തിലെ ആദ്യത്തെ ഭാഷാകാവ്യമെന്നുവാഴ്ത്തുന്ന രാമചരിതത്തോട് ഏറെക്കുറെ അടുത്തുനില്ക്കുന്ന ഭാഷാപ്രയോഗമാണ് ഇതിൽ കാണാനാകുന്നത്. അനുനാസികാതിപ്രസരമോ, സ്വരസംവരണമോ, പുരുഷഭേദനിരാസമോ വരാത്ത തരത്തിലുള്ള പ്രയോഗങ്ങൾ പാട്ടുകളിൽ നിരവധിയായി കാണാനാകും. എന്ന് പാലക്കാടൻ ഭാഷ എന്ന മുദ്രകുത്തി വാഴ്ത്തുന്ന ഭാഷ ശൈലിയിലാണ് പൊറാട്ടുകളിലെ കളിക്കാരും വാണാക്കുകാരും സംഭാഷണം നടത്തുന്നത്.

## സൂചകങ്ങൾ

1, 2, 3 -പന്തലിൽ കളി കുമ്പിടുന്നു

5 -9 കാൽ പന്തൽ

4, 6, 7, 8-സ്ത്രീ വേഷം കെട്ടിയ പുരുഷ കലാകാരൻമാർ പൊറാട്ടുനാടകം അവതരിപ്പിക്കുന്നു

## ആധാരഗ്രന്ഥം:

1. വിഷ്ണുനമ്പൂതിരി, എം.വി., നാടോടി വിജ്ഞാനീയം, 2011, ഡി.സി. ബുക്സ്, കോട്ടയം